LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ നിലവിൽ വാസയോഗ്യമായ വീട് ഇല്ലായെന്ന് വകുപ്പ് കണ്ടെത്തിയിട്ടുള്ള 36399 ഭൂരഹിത ഭവനരഹിതരുടെയും, 49105 ഭവനരഹിതരുടെയും ലിസ്റ്റ് ലൈഫ് മിഷന് കൈമാറുകയും ആയതിൽ ലൈഫ് മിഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പരിശോധിച്ച് അർഹരെന്ന് കണ്ടെത്തിയ 21749 ഭൂരഹിത കുടുംബങ്ങളെയും 34970 ഭവനരഹിത കുടുംബങ്ങളെയും അധികമായി ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ശോച്യമായ തരത്തിലുള്ള വീടുകളിൽ താമസിക്കുന്ന 16070 പട്ടികവർഗ്ഗക്കാരെ വകുപ്പ് കണ്ടെത്തുകയും ടി ലിസ്റ്റ് തുടർനടപടിക്കായി ലൈഫ് മിഷന് കൈമാറുകയും ചെയ്തിട്ടുണ്ട്.

കെ. എം. മാണി മൈക്രോ ഇറിഗേഷൻ പദ്ധതി

10(*38) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എം. മാണി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ ഒരു പദ്ധതി ജലസേചന വകുപ്പ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും എല്ലാ വിളകൾക്കും പ്രസ്തുത പദ്ധതിയിലൂടെ ജലസേചന സൗകര്യം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി കാർഷികവിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): (എ) ഉണ്ട്. 28-5-2021-ലെ കേരള അസംബ്ലിയിൽ ഗവർണർ നടത്തിയ പ്രസംഗത്തിൽ മുൻമന്ത്രി കെ. എം. മാണിയുടെ സ്മരണാർത്ഥം കേരളത്തിലെ നാണ്യവിളകൾക്കുകൂടി മൈക്രോ ഇറിഗേഷൻ വ്യാപകമാക്കുന്നതിനായി ശ്രീ. കെ. എം. മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി പ്രഖ്യാപിക്കപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലത്തിന്റെ ഏറ്റവും കൃത്യവും കാര്യക്ഷമവുമായ ഉപയോഗമാണ് മൈക്രോ ഇറിഗേഷൻ മുഖേനയുള്ള ജലസേചനത്തിലൂടെ സാധ്യമാകുന്നത്. കനാലുകളിൽനിന്നും വളരെയകലെയുള്ള കൃഷിയിടത്തേയ്ക്കും കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലം എത്തിക്കാനാകും. കുളങ്ങൾ, തടയണകൾ, വി.സി.ബി.കൾ (Vented Cross Bars), ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ അടിസ്ഥാനമാക്കി പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ കണ്ടെത്തി കൃഷി-സഹകരണ വകുപ്പുകളുമായി സഹകരിച്ച് മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 12 കോടി രൂപയും 2021-22 വർഷത്തിൽ 17 കോടി രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൈക്രോ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നാണ്യവിളകളായ ഏലം, കുരുമുളക്, ജാതി, തെങ്ങ്, കൊക്കോ, കാപ്പി, കവുങ്ങ് തുടങ്ങിയവയും ഫലവൃക്ഷങ്ങൾ, പച്ചക്കറികൾ, വാഴ എന്നിവയുമാണ് മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലസേചനം നൽകി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നത്.

(ഡി) നിലവിൽ കാർഷികവിളകളുടെ ഇനം തിരിച്ച് മേഖലകളോ ക്ലസ്റ്ററുകളോ രൂപീകരിക്കാൻ തീരുമാനിച്ചിട്ടില്ല.

ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ

11(*39) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം നിർബന്ധമാക്കിയ അടച്ചുപൂട്ടൽ മറ്റു രംഗങ്ങളിലെന്നപോലെ ദേവസ്വം ബോർഡുകളുടെയും പ്രവർത്തനത്തിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രതിസന്ധിക്കിടയിലും ക്ഷേത്രജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും ദീർഘകാലത്തിനുശേഷം മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും സാധ്യമായിട്ടുണ്ടോ;

(സി) മലബാർ ദേവസ്വം ബോർഡിന് കീഴിൽ വരുമാനം കുറവുള്ള ക്ഷേത്രങ്ങളിലെ ശമ്പള ബാധ്യത പൂർണ്ണമായും സർക്കാർ ഏറ്റെടുത്തിരുന്നോ;